STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.551/PR/SPMC/PHQ/2021 Date:09.12.2021

## തൃശൂരിൽ ഡി.ജി.പി നടത്തിയ പരാതി പരിഹാര അദാലത്തിൽ 49 പരാതികൾ പരിഗണിച്ചു

സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് തൃശൂർ സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ നടത്തിയ പരാതി പരിഹാര അദാലത്തിൽ 49 പരാതികൾ പരിഗണിച്ചു.

ഇവയിൽ 16 എണ്ണം തുടർനടപടികൾക്കായി സിറ്റി പോലീസ് കമ്മീഷണർക്ക് കൈമാറി. ഏഴെണ്ണത്തിൽ പൊലീസ് ആസ്ഥാനത്തു നിന്ന് നേരിട്ട് നടപടി സ്വീകരിക്കും. ബാക്കിയുള്ളവ അന്വേഷണത്തിനായി അസിസ്റ്റന്റ് കമ്മീഷണർമാർക്കും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

കേസന്വേഷണങ്ങളിലെ അപാകത, വിവിധ നിക്ഷേപ പദ്ധതികളിൽ പണം നിക്ഷേപിച്ച് നഷ്ടപ്പെട്ടവർ, പോലീസുദ്യോഗസ്ഥർക്കെതിരായ ആക്ഷേപങ്ങൾ, തൃശൂർ നഗരത്തിലെ പുതിയ ട്രാഫിക് പരിഷ്കാരം, ബ്ലേഡ് മാഫിയ പ്രവർത്തനങ്ങൾ തുടങ്ങിയവ പരാതിയിൽ പെടുന്നു. എല്ലാവരെയും നേരിട്ടുകണ്ട് പരാതികൾ വിശദമായി കേട്ടതിനുശേഷമാണ് വിശദമായ അന്വേഷണത്തിനും നടപടി സ്വീകരിക്കുന്നതിനും ഡിജിപി ഉത്തരവിട്ടത്.

തൃശൂർ മേഖലാ ഡിഐജി എ.അക്ബർ, സിറ്റി പോലീസ് കമ്മീഷണർ ആർ ആദിത്യ, അസിസ്റ്റൻറ് കമ്മീഷണർമാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ: തൃശൂരിൽ നടന്ന പരാതി പരിഹാര അദാലത്തിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പരാതി സ്വീകരിക്കുന്നു.

*******************